പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2923 — 18.08.2017-ൽ മറുപടിയ്ക്ക്

## കാസർഗോഡ് മത്സ്യബന്ധന തുറമുഖം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കാസർകോട് മത്സ്യബന്ധന തുറമുഖത്തിന് തറക്കല്ലിട്ടത് എപ്പോഴായിരുന്നുവെന്ന് വ്യകതമാക്കാമോ; | (എ) | കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന് തറക്കല്ലിട്ടത് **08.01.2010** ൽ ആയിരുന്നു. |
| (ബി) | തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചത് എന്നായിരുന്നുവെന്ന് അറിയിക്കുമോ; | (ബി) | തുറമുഖത്തിന്റെ പുലിമുട്ടുകളുടെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചത് **13.01.2010** ൽ ആണ്. |
| (സി) | കരാറുകാരൻ ആരാണെന്നും നിർമ്മാണ കാലാവധി എത്രയായിരുന്നുവെന്നും വ്യക്തമാക്കാമോ; | (സി) | കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിന്റെ വിവിധ പ്രവൃത്തികളുടെ കരാറുകാരും കാലാവധിയും താഴെപറയും പ്രകാരമാണ്. |

| ക്രമ നം. | പ്രവൃത്തി | കാലാവധി | കരാറുകാരൻ |
|---|---|---|---|
| 1 | ബ്രേക്ക്വാട്ടർ (വടക്ക്, തെക്ക്) ഷോർ പ്രൊട്ടക്ഷൻ വാൾ എന്നിവയുടെ നിർമ്മാണം | ഉടമ്പടി കാലാവധി 24 മാസം (30/10/ 2009- 25/10/ 2011) | മെ.ചന്ദ്രഗിരി കൺസ്ട്രക്ഷൻ കമ്പനി, തെക്കിൽ പി.ഒ, കാസർഗോഡ് |
| 2 | വാർഫ്, ഓക്ഷൻ ഹാൾ, റിക്ലമേഷൻ &പ്രൊട്ടക്ഷൻ ബണ്ട് | ഉടമ്പടി കാലാവധി 12 മാസം (20/04/ 2013- 19/04/ 2014) | മെ. പി.കെ.കെ. കൺസ്ട്രക്ഷൻസ്, കീഴൂർ, പറമ്പ, അരീക്കോട്, മലപ്പുറം |
| 3 | ഇന്റേണൽ റോഡ് &പാർക്കിംഗ് ഏരിയ, ലോഡിംഗ് ഏരിയ, ഡ്രെയിൻ | ഉടമ്പടി കാലാവധി 6 മാസം (03/06/ 2014- 02/12/ 2014) | വി.പി. അബ്ദുൾ ഖാദർ, പി.ഡബ്ല്യൂ.ഡി കോൺട്രാക്ടർ, വി.പി. ഹൗസ്, മൊഗ്രാൽ പി.ഒ, കാസർഗോഡ് |
| 4 | ജലവിതരണ സംവിധാനം | ഉടമ്പടി കാലാവധി 6 മാസം (13/06/ 2014- 12/12/ 2014) | വി.പി. അബ്ദുൽ ഖാദർ, പി.ഡബ്ല്യൂ.ഡി കോൺട്രാക്ടർ, വി.പി. ഹൗസ്, |

| | | | |
|---|---|---|---|
| | | | മൊഗ്രാൻ പി.ഒ, കാസർഗോഡ് |
| 5 | ടോയ്‌ലറ്റ് ബ്ലോക്ക് | ഉടമ്പടി കാലാവധി 6 മാസം (04/10/2013- 03/04/2014) | വി.പി. അബൂബക്കർ, റഹ്‌മത്ത് മൻസിൽ, മൊഗ്രാൻ പി.ഒ, കാസർഗോഡ് |
| 6 | ട്രീറ്റ്മെന്റ് പ്ലാന്റ് | ഉടമ്പടി കാലാവധി 4 മാസം (08/01/2014- 07/05/2014) | അബ്ബാസ് ബാങ്കോട്, S/o അന്തുഞ്ഞി പി.ഡബ്ല്യൂ.ഡി കോൺട്രാക്ടർ, തളങ്കര, കാസർഗോഡ് |
| 7 | അപ്രോച്ച്റോഡ് (I,II) - തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ചു | ഉടമ്പടി കാലാവധി 4 മാസം (10/02/2015- 09/06/2015) | എം.എസ്. അബ്ദുൾ ഹക്കീം, പി.ഡബ്ല്യൂ.ഡി കോൺട്രാക്ടർ, കദ്രിയ മൻസിൽ, മാരാ, ചെങ്കള, കാസർഗോഡ് |
| 8 | നെറ്റ് മെന്റിംഗ് ഷെഡ് | ഉടമ്പടി കാലാവധി 6 മാസം (20/11/2013- 19/05/2014) | എം.എം. അഹമ്മദ്, അഷറഫ് മൻസിൽ, ചെങ്കള, കാസർഗോഡ് |
| 9 | ഗേറ്റ് & ഗേറ്റ് ഹൗസ് | ഉടമ്പടി കാലാവധി 6 മാസം (04/10/2013- 03/04/2014) | വി.പി. അബ്ദുൽ ഖാദർ, പി.ഡബ്ല്യൂ.ഡി കോൺട്രാക്ടർ, വി.പി. ഹൗസ്, മൊഗ്രാൽ പി.ഒ, കാസർഗോഡ് |

| | | | |
|---|---|---|---|
| (ഡി) | നിർമ്മാണ കാലാവധിക്കുള്ളിൽ പ്രവർത്തനം പൂർത്തീകരിച്ചിരുന്നുവോ എന്ന് അറിയിക്കാമോ; | (ഡി) | നിർമ്മാണ കാലാവധിയ്ക്കുള്ളിൽ പ്രവർത്തനം പൂർത്തികരിച്ചിട്ടില്ല . |
| (ഇ) | പൂർത്തീകരിച്ചുവെങ്കിൽ തുറമുഖത്തിന്റെ ഉദ്ഘാടനം ഇതുവരെയും നിർവ്വഹിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (ഇ) | ഭരണാനുമതിയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഘടകങ്ങളും പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ തുറമുഖ ഉത്ഘാടനം നടത്തിയില്ല. |

| | | | |
|---|---|---|---|
| (എഫ്) | ഇല്ലെങ്കിൽ ഏതെല്ലാം പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്നും എത്ര രൂപയ്ക്കാണ് ഈ പ്രവൃത്തിയുടെ കരാർ നൽകിയതെന്നും കരാറുകാരന് ഇതുവരെ എത്ര തുക നൽകിയെന്നും വ്യക്തമാക്കാമോ; | (എഫ്) | ഹാർബറിന്റെ അനുബന്ധ ഘടകങ്ങളായ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ഗിയർഷെഡ്, വർക്ക് ഷോപ്പ്, ഷോപ്പ് ബിൽഡിംഗ്, റെസ്റ്റ് ഷെഡ്, കാന്റീൻ, ഗ്രീൻ ബെൽറ്റ്, നാവിഗേഷൻ എയ്ഡ്സ് എന്നീ പ്രവർത്തികൾ ഇനി ഏർപ്പാടാക്കേണ്ടതുണ്ട്. RKVY യിൽ ഭരണാനുമതി ലഭിച്ച പ്രവർത്തിയുടെ ഭരണാനുമതി തുക അധികരിച്ചതിനാൽ മേൽ പ്രവർത്തികൾ ഏർപ്പാടാക്കിയിട്ടില്ല. RKVY യിൽ ഭരണാനുമതി ലഭിച്ച 29.75 കോടി രൂപയിൽ 28.85 കോടി രൂപ വിവിധ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർക്ക് നൽകിയിട്ടുണ്ട്. ഏർപ്പെടുത്തിയ പ്രവർത്തിയിൽ 1.01 കോടി രൂപ കരാറുകാർക്ക് ഇനി നൽകാനുണ്ട്. |
| (ജി) | ഇനി എന്തെങ്കിലും പ്രവൃത്തി ചെയ്യാൻ ബാക്കിയുണ്ടെങ്കിൽ അതിനുള്ള തുക എങ്ങനെ കണ്ടെത്തുമെന്ന് വ്യക്തമാക്കാമോ; തുറമുഖം എപ്പോൾ നാടിന് സമർപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ജി) | ഇനി പൂർത്തീകരിക്കുവാനുള്ള ഘടകങ്ങളായ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ഗിയർഷെഡ്, വർക്ക്ഷോപ്പ്, റെസ്റ്റ് ഷെഡ്, കാന്റീൻ, ഗ്രീൻ ബെൽറ്റ്, നാവിഗേഷൻ എയ്ഡ്സ്, മാതൃകാപഠന ഏജൻസിയായ CWPRS, Pune ശുപാർശ ചെയ്ത രീതിയിൽ ബ്രേക്ക് വാട്ടറുകളുടെ നീളം വർദ്ധിപ്പിക്കൽ, ഷോർ പ്രൊട്ടക്ഷൻ എന്നിവയുൾപ്പെടുത്തി KIIFB യിൽ സമർപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു. സംസ്ഥാന സർക്കാർ പുതുതായി അനുവദിച്ച "ക്യാപിറ്റൽ റിപ്പയർ ആന്റ് മെയിന്റനൻസ് ഡ്രഡ്ജിംഗ് ഓഫ് ഫിഷിംഗ് ഹാർബർ" എന്ന ശീർഷകത്തിൽ കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ അപ്രോച്ച് ചാനൽ, മൗത്ത്, എന്നിവിടങ്ങളിൽ ഡ്രഡ്ജ് ചെയ്ത് ആഴം കൂട്ടുന്ന പ്രവൃത്തിയ്ക്കായി 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പണി പൂർത്തിയാക്കുന്ന മുറയ്ക്ക് തുറമുഖം നാടിന് സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ